## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# മാർത്തോമ്മാ യുവജനസഖ്യം പ്രസിഡന്റ് ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായിൽ നിന്നും

**സർക്കുലർ നമ്പർ. 4/**2021-'22

സഭയിലെ വന്ദ്യ വൈദീകരും വിശ്വാസസമൂഹവും വിശേഷാൽ നമ്മുടെ യുവജനങ്ങളുംകൂടെ കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്,

കർത്താവിൽ പ്രിയരേ,

മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് വളരുന്നതിനു സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ 1933 ൽ ജന്മം കൊണ്ട പ്രസ്ഥാനമാണ് മാർത്തോമ്മാ യുവജനസഖ്യം. ആരാധന, പഠനം, സാക്ഷ്യം സേവനം എന്നിവയാണ് സഖ്യത്തിന്റെ മുഖമുദ്ര. ക്രിസ്തുകേന്ദ്രീകൃതമായ നവസമൂഹ സൃഷ്ടിയ്ക്കായി യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ നിയോഗ നിർവ്വഹണത്തിൽ 88-ാം സംവത്സരത്തിലേക്ക് യുവജനസഖ്യം പ്രവേശിച്ചിരിക്കുന്നു. സഖ്യത്തിന്റെ വളർച്ചയിലും പ്രവർത്തനങ്ങളിലും സഹകരിച്ച ബഹു. വൈദികർ, മുൻകാലപ്രവർത്തകർ, സഭാംഗങ്ങൾ തുടങ്ങി ഏവരോടുമുള്ള കടപ്പാട് നിസ്സീമമാണ്.

ഈ വർഷം ഒക്ടോബർ 10 മുതൽ 16 വരെയുള്ള ദിവസങ്ങൾ യുവജനവാരമായും ഒക്ടോബർ 17-ാം തീയതി ഞായറാഴ്ച യുവജന ഞായറായും നാം ആചരിക്കുന്നു. ഒക്ടോബർ 10-ാം തീയതി ഡെപ്യൂട്ടേഷൻ ഞായറായും ക്രമീകരിച്ചിരിക്കുന്നു. യുവജനവാരം പ്രാർത്ഥനയ്ക്കും കൂടിവരവുകൾക്കും, സംവാദങ്ങൾക്കും, ദൗത്യ രൂപീകരണത്തിനും, പ്രവർത്തനങ്ങൾക്കുമായി വേർതിരിക്കുവാൻ ഏവരേയും പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു.'*യൗവ്വനം : അർത്ഥവത്തായ ജീവതത്തിനുള്ള അന്വേഷണം' (Youth; Quest for Meaningful Life)* എന്നതാണ് യുവജനവാര ചിന്താവിഷയം. സാമൂഹിക ഘടനയിലെ അസമത്വങ്ങളും മനുഷ്യന്റെ സ്വാർത്ഥതയും അമിതമായ ഉപഭോഗതൃഷ്ണയും ദിശാബോധ മില്ലായ്മയും കുടുംബ ബന്ധങ്ങളിലെ തകർച്ചയും യുവജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും അക്രമ വാസനയും നവമാദ്ധ്യമങ്ങളുടെ ദുരുപയോഗവും എല്ലാം നമ്മുടെ വ്യക്തി- സാമൂഹിക ജീവിത രംഗങ്ങൾ സങ്കീർണ്ണമാക്കിയിരിക്കുന്നു. ഇതര രാഷ്ട്രങ്ങളിലെ ഭരണനേതൃത്വങ്ങളെ നിയന്ത്രിക്കുവാനും നിഷ്കാസനം ചെയ്യുവാനുമുള്ള വൻശക്തികളുടെ മത്സരത്തിൽ അന്താരാഷ്ട്ര രംഗത്ത് ഭീതിയും അസഹിഷ്ണുതയും വർദ്ധിക്കുന്നു. പ്രകൃതിയിന്മേലുള്ള അനിയന്ത്രിത ചൂഷണം പ്രവചനാതീതമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഇടയാക്കുന്നു. വിദ്യാർത്ഥികളെയും യുവജനങ്ങളേയും സ്വാർത്ഥ ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്ന വിവിധ മത- രാഷ്ട്രീയ- തീവ്രവാദ പ്രസ്ഥാനങ്ങളും ഇന്നിന്റെ നേർക്കാഴ്ചയാണ്. ഇവിടെ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതക്രമത്തിലൂടെ ദൈവരാജ്യ സന്ദേശം പ്രകീർത്തിക്കുവാനും ലോകത്തിന് പ്രകാശമായിത്തീരുവാനും നമുക്ക് യത്നിക്കാം.

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ആരാധനയ്ക്കും ഒരുമിച്ചുള്ള കൂടിവരവുകൾക്കും പരിമിതികൾ ഉണ്ടെങ്കിലും കഴിയുന്നിടത്തോളം ശാഖകളിൽ ഒക്ടോബർ 10-ാം തീയതി ഞായറാഴ്ച സെന്റർ തലത്തിൽ ഡെപ്യൂട്ടേഷൻ ക്രമീകരിക്കുന്നതിന് ഉത്സാഹിക്കണം. ഇതിന് സാഹചര്യമില്ലാത്ത ഇടങ്ങളിൽ അതാത് ഇടവകകളിലെ ഓരോ അംഗത്തെ പ്രസ്തുത ശുശ്രൂഷ നിർവ്വഹിക്കുന്നതിനായി ഇടവക വികാരിമാരുടെ സമ്മതത്തോടെ നിയോഗിക്കണം. സാധ്യമാകുന്ന എല്ലായിടങ്ങളിലും യുവജന പങ്കാളിത്തത്തോടെ യുവജനഞായറാഴ്ച ആരാധന ക്രമീകരിക്കുകയും താല്പര്യപൂർവ്വം അതിൽ സംബന്ധിക്കുകയും വേണം. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരം ലഭിച്ച ആരാധനക്രമം ശുശ്രൂഷയിൽ ഉപയോഗിക്കണം. ആരാധനക്രമത്തിന്റെ കോപ്പി www.marthoma.in, www.marthomayouth.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കോവിഡ്- 19 മഹാമാരിയുടെ ഫലമായി ഉളവായ സാമ്പത്തിക പ്രതിസന്ധി യുവജനസഖ്യം പ്രവർത്തനങ്ങളേയും സാരമായി ബാധിച്ചിരിക്കുകയാണ്. ഈ പ്രത്യേക സഹാചര്യത്തിൽ ഒക്ടോബർ 18-ാം തീയതിയിലെ യുവജനഞായർ സ്തോത്രകാഴ്ചയിൽ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്തോത്രകാഴ്ച സ്വീകരിക്കുന്നതിനായി പ്രത്യേക കവറുകൾ അയച്ചു തരുന്നതാണ്. സഖ്യത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ പരിഗണിച്ച് ഉദാരമായി ദാനങ്ങൾ അർപ്പിക്കണം. സ്തോത്രകാഴ്ചയായി കവറിലും അല്ലാതെയും ലഭിക്കുന്ന മുഴുവൻ തുകയും പ്രത്യേക സംഭാവനകളും ചേർത്ത് യുവജനസഖ്യം ആഫീസിലേക്ക് അയച്ചുകൊടുക്കുവാൻ ഇടവക ചുമതലക്കാർ ശ്രദ്ധിക്കണം.

യുവജനസഖ്യം പരിപാടികളേയും വിശിഷ്യാ കടപ്പ മിഷൻ (സഖ്യം ഗ്രാമം) പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുകയും ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യണമെന്ന് ഉദ്ബോധിപ്പിക്കുന്നു. 2021 ആഗസ്റ്റ് മാസം മുതൽ അവിടെ ഒരു സുവിശേഷകൻ താമസിച്ചു പ്രവർത്തിക്കുന്നു. അടുത്തുള്ള ഗ്രാമങ്ങളും സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നു. സഖ്യംഗ്രാമ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴുള്ള നമ്മുടെ സ്വപ്നമായിരുന്നു അവിടെ തദ്ദേശീയർക്കായി ഒരു സ്കൂൾ ആരംഭിക്കുക എന്നത്. ആറു മാസത്തിനുള്ളിൽ ഗവൺമെന്റ് മാനദണ്ഡങ്ങൾ അനുസരിച്ച് പുതിയ ക്ലാസ്സ് മുറികളോടു കൂടിയ സ്കൂൾ കെട്ടിടം നിർമ്മിച്ചാൽ പുതിയ സ്കൂളിന് അനുമതി നൽകാമെന്ന് അധികാരികളിൽ നിന്നും ഉറപ്പ് ലഭിച്ചിരിക്കുകയാണ്. രണ്ട് ഗ്രാമങ്ങളിൽ ആരാധനയ്ക്കായി വിശ്വാസികൾക്ക് കൂടിവരുന്നതിന് കെട്ടിടം ആവശ്യമാണ്. നഴ്സറി സ്കൂൾ നടത്തുന്നതിനും സുവിശേഷകന്റെ സന്ധാരണത്തിനും ഗ്രാമങ്ങളിൽ ആരാധന നടത്തുന്നതിനുള്ള കെട്ടിടങ്ങളുടെ വാടകയും പുതിയ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിനും വേണ്ട സാമ്പത്തികം ലഭ്യമാകുന്നതിന് ഏവരുടേയും പ്രാർത്ഥനയും ഉദാരമായ കൈത്താങ്ങലും ഉണ്ടാകണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളിൽ മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തകർ സജീവമായി പങ്കെടുത്തുവരുന്നു എന്നത് അഭിനന്ദനീയമാണ്. കോവിഡ് മൂലം മരണപ്പെടുന്ന ആളുകളുടെ സംസ്ക്കാര ശുശ്രൂഷയ്ക്ക് സഖ്യം നൽകുന്ന നേതൃത്വം പ്രത്യേകം ശ്രദ്ധേയമാണ്. കോവിഡ് മഹാമാരി തുടരുന്നതിനാൽ സഖ്യം പരിപാടികൾ ഓൺലൈനായി ക്രമീകരിക്കുകയും ഇടവകയുടേയും ചുറ്റുപാടുകളുടേയും ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തനങ്ങൾ സജീവമാക്കുകയും ചെയ്യണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പ്രീയരേ, നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. ഈ വർഷത്തെ യുവജനവാരാചരണം ഏവർക്കും പുതുക്കത്തിനും അനുഗ്രഹത്തിനും മുഖാന്തിരമായിത്തീരട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്താബ്ദം 2021 സെപ്റ്റംബർ മാസം 20-ാം തീയതി അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നിന്നും.

**ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ**

യുവജനസഖ്യം പ്രസിഡന്റ്

# Malankara Mar Thoma Syrian Church

## From the President of Mar Thoma Yuvajana Sakhyam

## Dr. Thomas Mar Theethos Episcopa

Circular No. 4/2021-'22

Blessings to the Vicars, faithful members, especially the youth of the Church.

Dearly Beloved in the Lord,

Mar Thoma Yuvajana Sakhyam was instituted in 1933 with the aim of helping the youth of our church to grow into the fullness of being in Christ, by accepting Jesus Christ as their Lord and Saviour. The Sakhyam has accepted worship, study, testimony, and service as the four pillars that mould its activities. As Sakhyam enters its 88th year of existence, fulfilling its mission of enabling the youth to create a Christ-centred society, we are extremely grateful to the respected clergy, earlier workers, and members of the church who have immensely contributed to its growth till day.

This year, we are celebrating 10 to 16 October as Youth Week and 17 October as Youth Sunday. 10 October is arranged as Deputation Sunday. All are requested to make use of this week to engage in prayer, gatherings, debates, and activities that help in the formation of our mission. "Youth: Quest for Meaningful Life" has been selected as the theme for this year's Youth Week celebrations. Inequalities that persist in the social structures, selfishness and greedy consumerism of humans, failure in family relationships, increase in the use of drugs among the youth, and misuse of the new media have made our lives more complicated. Terror and intolerance reigns in the international sphere, as the superpowers compete with each other in controlling and disempowering the governmental structures of other countries. The uninhibited exploitation of nature has resulted in critical environmental crises. Religious, political, terrorist organisations that make use of students and youth for their selfish motives is another reality that the world currently faces. Let us work together to proclaim the message of God's Kingdom through a Christ-centered life and to light up the world.

Even though there are limitations to gather together for worship in the context of Covid 19, please put in the maximum effort to arrange deputations to all the sakhas at the centre level on 10 October. In those places where this arrangement is not feasible, let a member of the same parish perform the responsibility, with the permission of the vicar concerned. Ensure the participation of the maximum number of youths in the Youth Sunday worship at all the parishes as far as possible. The worship order published with the permission of His Highness the Metrapolitan should be used for the Youth Sunday worship. Copy of the worship order is made available at www.marthoma.in and www.marthomayouth.org.

The financial crises that has emerged in the context of Covid 19 pandemic has seriously affected the functioning of Yuvajana Sakhyam. In this context, all are requested to contribute to the Youth Sunday offertory wholeheartedly. Special covers will be sent to collect the offertory. The Office bearers shall ensure that the entire amount collected as offertory on Youth Sunday, both in the cover and otherwise, is sent to the Sakhyam Office.

All are requested to pray and cooperate in the activities of the Sakhyam, especially Kadappa Mission (Sakhyam Gramam). An evangelist has been staying there from August 2021, to  visit the nearby villages and share the Good News with them. It was our dream since the beginning of the mission that we should have a school for the natives of the region. We have now received a promise from the authorities that permission will be granted for the school if we are able to construct the building according to the stipulations provided by the Government within six months. Buildings need to be constructed also in two villages for the congregations to meet for worship. Requesting everyone's prayer and generous support in finding the finance for construction of the rooms and paying the rent for the buildings.

Appreciable efforts had been put in by the members of Mar Thoma Yuvajana Sakhyam in the fight against Covid 19. The leadership provided by Sakhyam in arranging the funeral service of those who died of Covid needs special mention. As the pandemic contniues to affect people's lives, it is necessary that we keep on arranging the programmes of Sakhyam in the online mode and engage in activities that cater to the needs of our parish and its surroundings.

Let us pray that we will soon get rid of the difficult situations we are going through right now. Eanestly wish that the observance of Youth Week becomes a means of blessing and renewal for all of us.

May the grace of our Lord Jesus Christ be with you all.

On the 20th  Day of September 2021, in the year of or Lord from Adoor Youth Centre

In the ministry of the Lord,

Dr. Thomas Mar Theethos Episcopa
(President, Mar Thoma Yuvajana Sakhyam)

**ജനം** : *ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**ലീഡർ:** സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായും ഈ മഹാമാരിയുടെ കാലത്ത് രൂക്ഷമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന മിഷനറിമാർക്കായും സ്ഥാപനങ്ങൾക്കായും പ്രത്യേകമായി മാർത്തോമ്മാ യുവജനസഖ്യം ഏറ്റെടുത്തിരിക്കുന്ന കടപ്പ മിഷന്റെ (സഖ്യം ഗ്രാമം) പ്രവർത്തനങ്ങൾക്കായും ദൈവമേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

**ജനം** : *ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

മനുഷ്യ ജീവിതത്തിന് ഊടുംപാവും നെയ്ത ദൈവമേ, ജീവനെ ഹനിക്കുന്ന ഘടനകൾ ശക്തിപ്രാപിക്കുന്ന കാലത്ത് ജീവിത്തിന്റെ അർത്ഥം തിരയുവാനും ജീവന്റെ സംരക്ഷകരാകുവാനും ഞങ്ങളെ ഇതാ സമർപ്പിക്കുന്നു. കദനങ്ങളിൽ കാലിടറാതെ കരുത്തോടെ മുന്നേറുവാനും സഹനങ്ങളിൽ കരുതിവച്ചിട്ടുള്ള ദിവ്യോദ്ദേശങ്ങൾക്ക് വിചാരകരാകുവാനും ഞങ്ങളെ സഹായിച്ചാലും. ഇരുളിൽ കൈത്തിരിയാകുവാൻ, പേമാരിയിൽ കുട ചൂടുവാൻ, വെയിലിൽ തണൽ നീട്ടുവാൻ എന്നെ നീ ഉപയോഗിച്ചലും. *ആമേൻ.*

*മുറ്റും ഞാൻ തരുന്നിതാ*
*ഭൂനിക്ഷേപം മുഴുവൻ*
*ദേഹം ദേഹി സമസ്തം*
*എന്നേക്കും നിന്റേതു ഞാൻ*

**ത്രിത്വത്തിനു സ്തുതി...** (പരസ്യാരാധന ക്രമം പുറം 17)

**ഞങ്ങളുടെ കർത്താവായ (മോറാൻ) യേശുമ്ശിഹാ** നിന്റെ.......
(പരസ്യാരാധന ക്രമം പുറം 21)

**പാഠം വായന**

1. ദാനി. **1 : 1-17**
2. എഫെ. **6 : 10-18**

### മാർത്തോമ്മാ യുവജനസഖ്യം

# യുവജന ഞായർ

## 2021 ഒക്ടോബർ 17

# ആരാധനക്രമം

*(മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടെ)*

പരസ്യാരാധനക്രമവുമായി ചേർന്ന് ഈ ക്രമം ഉപയോഗിക്കണം.

**ആരാധനാഹ്വാനം**

'യുവാക്കളും യുവതികളും വൃദ്ധന്മാരും ബാലന്മാരും, ഇവരൊക്കെയും യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ. അവന്റെ നാമം മാത്രം ഉയർന്നിരിക്കുന്നത്. അവന്റെ മഹത്വം ഭൂമിക്കും ആകാശത്തിനും മേലായിരിക്കുന്നു'(സങ്കീ. 148:12-13).

**പാട്ട്**

**കൗമാ**

**അപേക്ഷ** - ദൈവമായ കർത്താവേ. . . . (പരസ്യാരാധനക്രമം പുറം 4)

**പ്രാരംഭ പ്രാർത്ഥന**

**ലീഡർ** : നിന്റെ സ്വരൂപത്തിൽ ഞങ്ങളെ മെനഞ്ഞുണ്ടാക്കിയവനായ ദൈവമേ, മനുഷ്യജീവിതത്തിന് അഴകും അർത്ഥവും കല്പിച്ചവൻ നീയാകയാൽ നിനക്ക് സ്തുതി. ഈ ലോകത്തിലെ ജീവിതത്തെ ഗൗരവമായി കാണുന്ന ദൈവരാജ്യത്തിന്റെ മൂല്യങ്ങളിലൂടെയും ശീലങ്ങളിലൂടെയും ജീവന്റെ സമൃദ്ധിയുടെ പങ്കുകാരായിത്തീരുവാൻ ഞങ്ങളെ നീ സഹായിക്കേണമേ. രക്ഷാസമൂഹമെന്ന നിലയിൽ ഞങ്ങൾക്ക് ലഭ്യമായിട്ടുള്ള ഉത്തരവാദിത്തങ്ങളിൽ നിന്ന് വ്യതിചലിക്കാതെ, ജീവന്റെ സംരക്ഷകരും അർത്ഥവത്തായ ജീവിതത്തിന്റെ അന്വേഷകരുമായിത്തീരാൻ ഞങ്ങളെ സജ്ജരാക്കുകയും ചെയ്യേണമേ....

**ജനം** : ആമേൻ.

**അനുതാപ പ്രാർത്ഥന**

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം *'ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ'* എന്ന് പ്രതിവാക്യമായി പറയണം)

**ലീഡർ:** ***ചെയ്തുപോയ പിഴകൾ ....***

എല്ലാവരും സുരക്ഷിതരാവാതെ ആരും സുരക്ഷിതരാവില്ലെന്ന് മഹാമാരി നമ്മെ പഠിപ്പിച്ചു. എന്നിട്ടും ഞാൻ, എനിക്ക്, എന്റേത് എന്ന നിലയിലേക്ക് നമ്മുടെ അന്വേഷണങ്ങളും താല്പര്യങ്ങളും ചുരുങ്ങപ്പോയ കുറവിനെ ഓർത്ത് നമുക്ക് അനുതപിക്കാം.

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ....*

**ലീഡർ:** **ചെയ്യാതെ പോയ നന്മകൾ...**

സഭ ജീവന ഇടങ്ങളിലും തെരുക്കോണുകളിൽപ്പോലും സംഭവിക്കേണ്ടതാണ് എന്നറിഞ്ഞിട്ടും കോവിഡ് കാലം അതിനൊരുക്കിത്തന്ന നൂറായിരം സാദ്ധ്യതകൾക്ക് നേരേ നാം മുഖം തിരിഞ്ഞു നിന്നു. ആരാധനാലയങ്ങൾ അടഞ്ഞു കിടക്കുന്നതിനെച്ചൊല്ലി വ്യാകുലപ്പെട്ട നാം കൂടുതൽ മനുഷ്യോന്മുഖരാവുന്നതിലൂടെ ദൈവോന്മുഖരാകുവാൻ ശ്രമിക്കാതിരുന്ന കുറവിനെ ഏറ്റുപറയാം.

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ....*

**ലീഡർ:** **വിവേചനത്തിനുള്ള വകതിരിവ്...**

നവസാമാന്യതയുടെ പുതുലോകക്രമത്തിന് നാന്ദി കുറിക്കുവാനുള്ള നിയോഗം ലഭിച്ച തലമുറയായിട്ടും എന്ത് പിന്തുടരണമെന്നും എന്ത് ഒഴിവാക്കണമെന്നും വിവേചിക്കുവാനുള്ള ദർശനം നാം നഷ്ടപ്പെടുത്തി. അസാധാരണമായ സാഹചര്യങ്ങൾക്കൊപ്പം അസാധാരണമായി ഉയരുവാൻ കഴിയാതെ പോയ വീഴ്ചയെ നമുക്ക് സമ്മതിക്കാം.

**ജനം :** *ദൈവമേ ഞങ്ങളോട് ക്ഷമിക്കേണമേ....*

**മാർ ബാലായുടെ അപേക്ഷ.** (പരസ്യാരാധനക്രമം പുറം 10)

**ഹാലേലുയ്യാ...ഹാലേലുയ്യാ...ഹാലേലുയ്യാ** (പരസ്യാരാധനക്രമം പുറം 11)

**കന്യകമറിയാമിന്റെ പാട്ട്** (പരസ്യാരാധനക്രമം പുറം 11)

**സ്തോത്രപ്രാർത്ഥന**

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം ‘ *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു’* എന്ന് പ്രതിവാക്യമായി പറയണം)

**ലീഡർ:** കൂടിവരവുകളും കൂട്ടായ്മകളും അന്യംനിന്ന കാലത്ത് സാങ്കേതികവിദ്യയുടെ സഹായത്തോടെ വചനകേൾവിയും ആരാധനാനുഭവവും സാദ്ധ്യമാക്കിയ കൃപയ്ക്കായി...

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**ലീഡർ:** ജീവന്റെ പരിപോഷണത്തിനുതകുന്ന പഠന ഗവേഷണങ്ങളിൽ എർപ്പെട്ടിരിക്കുന്ന എല്ലാവർക്കുമായി വിശിഷ്യാ പൊതുജനാരോഗ്യം, പരിസ്ഥിതി, ദുരന്ത നിവാരണം മുതലായ മേഖലകളിൽ ദൈവാശ്രയത്തോടെ നടത്തുന്ന അന്വേഷണങ്ങൾക്കായി...

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**ലീഡർ :** ദൈവത്തിന്റെ ലോകത്തിൽ ദൈവീക കരങ്ങളായി സദാ സേവന സന്നദ്ധരായിരിക്കുന്നവർ, ശുശ്രൂഷിക്കപ്പെടുന്നതിനേക്കാൾ ശുശ്രൂഷിക്കുന്നത് നല്ലതെന്ന് ജീവിതം കൊണ്ട് ഉദ്ഘോഷിക്കുന്നവർ, സുവിശേഷത്തെ ജീവിതത്തിലേക്ക് ഭാഷാന്തരം ചെയ്തവർ എന്നിവർക്കായി..

**ജനം :** *ദൈവമേ ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു...*

**സാരാംശത്തിൽ ഏകമായിരിക്കുന്ന** (പരസ്യാരാധന ക്രമം പുറം 12)

**113, 117– മസുമൂറുകൾ** (പരസ്യാരാധന ക്രമം പുറം 16)

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഓരോ പ്രാർത്ഥനയ്ക്കും ശേഷം ‘*ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...’* എന്ന് പ്രതിവാക്യമായി പറയണം.)

**ലീഡർ:** മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ ധീരോത്തരം നയിക്കുന്ന മെത്രപ്പൊലീത്താ തിരുമേനി, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ, വൈദികർ, സുവിശേഷകർ, സേവിനിമാർ എന്നിവർക്കായും ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള എല്ലാ മാർത്തോമ്മാ സഭാംഗങ്ങൾക്കായും ദൈവമേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

**ജനം :** *ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ...*

**ലീഡർ:** ഈ സഭയിലെ എല്ലാ യുവജനങ്ങൾക്കായും വിശിഷ്യാ മാർത്തോമ്മാ യുവജനസഖ്യത്തിന് നേതൃത്വം നൽകുന്ന സഖ്യം പ്രസിഡന്റ് ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി, സഖ്യം ചുമതല ക്കാർ, ജനറൽ കമ്മിറ്റി അംഗങ്ങൾ, ആഫീസ് പ്രവർത്തകർ, ശാഖാ-സെന്റർ-ഭദ്രാസന ഭാരവാഹികൾ, മുൻകാല പ്രവർത്തകർ, സഖ്യം സ്നേഹിതർ എന്നിവർക്കുവേണ്ടിയും ഉള്ളിൽ യൗവ്വനം കാത്തു സൂക്ഷിക്കുന്ന അഭ്യുദയകാംക്ഷികളായ എല്ലാവർക്കുമായി ദൈവമേ, ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.